ഉത്തരം

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015-വരെ കടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശികയുണ്ട്. കാസർഗോഡ് ജില്ലയിൽ നിരത്ത് വിഭാഗത്തിൽ 7838.85 ലക്ഷം രൂപയും കെട്ടിടവിഭാഗത്തിൽ 12.78 കോടി രൂപയും നൽകുവാനുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ കുടിശ്ശിക നൽകാനില്ല.

ചന്ദനത്തോപ്പ് - പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണം

319 (1353) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ പ്രതികരിക്കാത്തതിനെ തുടർന്ന് തുടർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻ പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് റേറ്റിന്റെ 17.87% അധിക നിരക്കിലുള്ള ശ്രീ. സജീഷ് എ. എന്ന കരാറുകാരന്റെ ടെണ്ടർ ക്വട്ടേഷൻ 21-5-2015-ലെ സ.ഉ.(സാധാ) നമ്പർ 685/15/പൊ.മ.വ. പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പണിയുള്ള കരാർ ഒപ്പുവച്ചാലുടൻ തന്നെ പണി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

തിരുവനന്തപുരം - ചെങ്കോട്ട റോഡ് ഗതാഗത തടസ്സം

320 (1354) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ചെങ്കോട്ട, പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു മുന്നിലെ റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞുവീണ് വർഷങ്ങളായി ഗതാഗത തടസ്സം ഉണ്ടായി കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly